ആകാത്തതുകൊണ്ട് വെവ്വേറെയായി അന്വേഷിച്ചു. ശ്രീ. കെ. എം. മാണിക്കെതിരെ നിലവിലുള്ള കേസ് ശ്രീ. സുകേശൻ, പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-I ആണ് ഇടരന്വേഷണ നടത്തിവരുന്നത്.

ബാർ കോഴക്കേസ്

299 (309) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അഡ്വ. ജനറലിനേയും നിയമവകുപ്പിനേയും മറികടന്നുകൊണ്ട് സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശംതേടി പ്രതിയെ കുറ്റവിമുക്തനാക്കാൻ, വിജിലൻസ് ഡയറക്ടർ നടത്തിയ ശ്രമങ്ങൾ കേസ് അട്ടിമറിക്കാനായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുൻ കയർഫെഡ് എം.ഡി.ക്കെതിരെയുള്ള വിജിലൻസ് കേസ്

300 (310) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺ കുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. വി. എ. അരുൺകുമാർ കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ, കൺസൾട്ടന്റ് എന്നിവരുമായി ചേർന്ന് ഗൂഢാലോചന നടത്തി എന്നതിനെ സംബന്ധിച്ചാണ് കേസ് നിലവിലുള്ളത്.

(സി) വി.സി.03/2014/എസ്.സി.റ്റി. എന്ന നമ്പറിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ പ്രഥമവിവര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.

മുൻ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം

301 (311) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കേസിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രോസിക്യൂഷൻ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ ബഹു.ഹൈക്കോടതിയിൽ (സിങ്കിൾ ബഞ്ച്) നൽകിയ ഹർജി പരിഗണിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പേര് എഫ്.ഐ.ആർ. പട്ടികയിൽനിന്നും നീക്കിയിരുന്നത് ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിരുന്നു. സ്റ്റേ നിലനിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly